بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 16.11.18 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*16.11.18 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്‌ബയുടെ സംഗ്രഹം*

**ഇസ്‌ലാമിന്റെ യഥാർത്ഥ സന്ദേശം അമേരിക്കയിലും ലോകത്തെല്ലായിടത്തും പരിശ്രമത്തിലൂടെയും ശരിയായ മാർഗത്തിലൂടെയും പ്രചരിപ്പിക്കുക എന്നത് നമ്മുടെ ജോലിയാണ്.**

**ഫിലാഡൽഫിയ,ബാൾട്ടിമൂർ,വിർജീനിയ എന്നിവിടങ്ങളിൽ മൂന്നുപള്ളികളുടെയും,ഗ്വാട്ടിമാലയിൽ ഹ്യുമാനിറ്റിഫസ്റ്റിന്റെ ആശുപത്രിയുടെയും ഉദ്ഘാടനം.ഉദ്ഘാടന പരിപാടികളിൽ പങ്കെടുത്ത അതിഥികളുടെ വിശ്വാസ വർദ്ധകങ്ങളായ അഭിപ്രായ പ്രകടനങ്ങൾ.**

اَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَ اَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ۔ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ۔

اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ۝ الرَّحْمٰنِ الرَّحِیْمِ۝ مٰلِکِ یَوْمِ الدِّیْنِ۝ اِیَّاکَ نَعْبُدُ وَ اِیَّاکَ نَسْتَعِیْنُ۝

اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ۝ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْھِمْ۝ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ۝

തശഹുദും തഅവുദും സൂറ: ഫാത്തിഹായും ഓതിയതിനു ശേഷം ഹുസൂർഅൻവർ അയ്യദഹുല്ലാഹു പറഞ്ഞു; കഴിഞ്ഞ ജുമുആയിൽ തഹ്‌രീകെ ജദീദിന്റെ നവവർഷ വിളംബരം ആയിരുന്നതിനാൽ അമേരിക്കയിലേക്കും ഗ്വാട്ടിമാലയിലേക്കും ഞാൻ ചെയ്ത യാത്രയെക്കുറിച്ച് പ്രതിപാദിച്ചിരുന്നില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ പര്യടനങ്ങൾക്ക് വലിയ സഫല സ്വാധീനങ്ങളാണ് ഉണ്ടാകാറുള്ളത്. സ്വന്തക്കാരും അന്യരുമായിട്ടുള്ളവരോടുള്ള ബന്ധത്തിന്റെ കാര്യത്തിലും,ജമാഅത്തിന്റെ സംവിധാനപരമായ കാര്യത്തിലും നേരിട്ട് കാണുകയും അറിയുകയും ചെയ്യുന്നതിലൂടെ നിരവധികാര്യങ്ങൾ എന്റ ശ്രദ്ധയിൽപെടുന്നു. മൂന്നു വലിയ പ്രയോജനങ്ങൾ ഇവയാണ്,അതായത് ആരാജ്യങ്ങളിലെ വിദ്യാസമ്പന്നരും സ്വാധീനശേഷിയുള്ളവരുമായ വിഭാഗത്തിൽപ്പെട്ട ആളുകളുമായി ബന്ധം സ്ഥാപിക്കാൻ കഴിയുന്നു. കൂടിക്കാഴ്ചയുടെ രൂപത്തിലും പള്ളി ഉദ്ഘാടനം, അല്ലെങ്കിൽ റിസപ്ഷൻ തുടങ്ങിയവയിലൂടെയും. രണ്ടാമതായി,മീഡിയയിലൂടെ ഇസ്‌ലാം, അഹ്മദിയ്യത്തിനെ പരിചയപ്പെടുവാനും അതിന്റെ യഥാർത്ഥ അധ്യാപനങ്ങളെക്കുറിച്ച് ജനങ്ങൾക്ക് അറിയാനും സാധിക്കുന്നു എന്നതാണ്. മൂന്നാമത്തെ വലിയ കാര്യമെന്നത്, ജമാഅത്തംഗങ്ങളുമായി വ്യക്തിപരമായി ബന്ധപ്പെടാനും അവരെ പരിചയപ്പെടാനും സാധിക്കുന്നു എന്നതാണ്.തൽഫലമായി അവരുടെ വിശ്വാസത്തിലും ആത്മാർത്ഥതയിലും വർദ്ധനവുണ്ടാകുന്നു.

ഹുസൂർ പറഞ്ഞു; അമേരിക്കയിലെ യാത്രക്കിടയിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂന്നു പള്ളികൾ ഉദ്ഘാടനം ചെയ്യാൻ തൗഫീഖ് ലഭിച്ചു. ഞാൻ എവിടെയെല്ലാം പോയോ അവിടെയെല്ലാം കുട്ടികളും യുവാക്കളും സ്ത്രീക ളും പുരുഷൻമാരും തങ്ങളുടെ സമയത്തിന്റെ ഭൂരിഭാഗവും പള്ളിയുടെ അന്തരീക്ഷത്തിൽ തന്നെയാണ് കഴിച്ചുകൂട്ടിയത്. ഖിലാഫത്തുമായുള്ള ബന്ധത്തിന്റെ പ്രത്യേക പ്രകടനം അവരിൽ നിന്നുണ്ടായിരുന്നു. പള്ളിയിൽ വന്ന് കൂടുതൽ സമയവും പള്ളിയിൽ തന്നെ ചിലവഴിച്ചിരുന്നു.

ഹുസൂർ പറഞ്ഞു; പൊതുവെ അമേരിക്കയിലെ രാഷ്ട്രീയ നേതാക്കളും മറ്റു വിദ്യാസമ്പന്നരായിട്ടുള്ളവരും അതുപോലെ സാധാരണ ജനങ്ങളും കാര്യങ്ങൾ കേൾക്കുന്നവരും നല്ല കാര്യങ്ങളെ പിന്തുണക്കുന്നവരുമാണ്. ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ അവരിലേക്ക് ശരിയായ രൂപത്തിൽ എത്തിയിട്ടില്ല. എത്തിയിട്ടുള്ളവർക്ക്,ജമാഅത്തുമായി ബന്ധമുള്ളവർക്ക് ഇസ്‌ലാമിനെക്കുറിച്ച് നല്ല അഭിപ്രായമാണുള്ളത്. അതിനാൽ അമേരിക്കയിലും ലോകത്തെല്ലായിടത്തും ഇസ്‌ലാമിന്റെ യഥാർത്ഥ സന്ദേശം തീവ്രശ്രമത്തിലൂടെ പ്രചരിപ്പിക്കുക എന്നത് നമ്മുടെ ജോലിയാണ്. നമ്മുടെ സന്ദേശത്തിലൂടെ അമുസ്‌ലിംകൾക്ക് ഇസ്‌ലാമിക അധ്യാപനങ്ങളെ കുറിച്ചറിയാൻ സാധിക്കുന്നിടത്ത് അനഹ്മദികളായ മുസ്‌ലിംകൾക്കും ഇസ്‌ലാമിന്റെ ശരിയായ അധ്യാപനങ്ങൾ എന്തെല്ലാമാണ് എന്നു മനസ്സിലാക്കാൻ സാധിക്കുന്നു. മിക്ക സ്ഥലങ്ങളിൽ നിന്നുമുള്ള ഒരനുഭവമാണ്, ഇവിടെ അമേരിക്കയിലും അതു കണ്ടു. അതായത് അനഹ്മദികളായിട്ടുള്ള മുസ്‌ലിംകൾ നമ്മളിൽ നിന്നും ഇസ്‌ലാമിന്റെ സുന്ദരമായ അധ്യാപനങ്ങളെക്കുറിച്ച് കേൾക്കുമ്പോൾ അവർക്ക് ആത്മവിശ്വാസമുണ്ടാകുന്നു. നമുക്ക് ഒരു അപകർഷതാബോധത്തിന്റെയും ആവശ്യമില്ല, മറിച്ച് ലോകത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇസ്‌ലാം തന്നെ മതിയായതാണ് എന്ന്. ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങളെ നിങ്ങൾ സമർപ്പിക്കുന്ന രീതിയാണ് യഥാർത്ഥ രീതി എന്ന് ചില അനഹ്മദി മുസ്‌ലിംകൾ അഭിപ്രായം പ്രകടിപ്പിക്കുകയുണ്ടായി.

ഹുസൂർ ഏതാനും അതിഥികളുടെ വിശ്വാസ വർദ്ധകങ്ങളായ അഭിപ്രായ പ്രകടനങ്ങൾ വിവരിക്കുകയുണ്ടായി. പറഞ്ഞു; ഫിലാഡൽഫിയായിൽ മസ്ജിദ് ബൈത്തുൽ ആഫിയത്തിന്റെ ഉദ്ഘാടത്തിൽ യു. എസ് കോൺഗ്രസ് മെമ്പറായ ഓണറബിൾ ഡ്വൈറ്റ് ഈവൻസ് വന്നിട്ടുണ്ടായിരുന്നു. അദ്ദേഹം വളരെ നല്ല വാക്കുകളിലൂടെ എന്നോട് പറയുകയുണ്ടായി ഞാൻ താങ്കളെ ഈ വലിയ നഗരത്തിലേക്ക് സ്വാഗതം ചെയ്യുന്നു. ഈ നഗരം സഹോദരിസഹോദരൻമാരെ

പ്പോലെയുള്ള സ്നേഹത്തിന്റെ നഗരമാണ്. ഫിലാഡൽഫിയായിലെ ഭരണസംവിധാനത്തിന്റെ ഭാഗത്തു നിന്നും ഒരു മുസ്ലിം സംഘടനയോടു ഞാനിതാ പറയുന്നു നിങ്ങളുടെ ശാന്തി സന്ദേശത്തെ ഞങ്ങളിതാ സ്വാഗതം ചെയ്യുകയാണ്. ഞങ്ങൾ നിങ്ങളോടൊപ്പമുണ്ട് വെറുപ്പിന്റെയും പക്ഷപാത ചിന്താഗതിയുടെയും തീവ്രവാദത്തിനുമെതിരിൽ നിൽക്കുന്നു. സമാധാനം സ്ഥാപിക്കുന്നതു സംബന്ധമായ വളരെ ഉത്തമമായ സന്ദേശമാണ് താങ്കൾ നൽകിയത്. ഇത്തരം കാലഘട്ടങ്ങളിൽ ഈ സന്ദേശം വളരെ മഹത്വമേറിയതാണ്. ഇതിൽ നിന്നും , മുസ്ലിം സമുദായം അമേരിക്കക്കു മാത്രമല്ല മറിച്ച് മുഴുലോകത്തിനും വേണ്ടി എത്രത്തോളം പ്രാധാന്യമുള്ളതാണെന്ന് വ്യക്തമാക്കാം.

പിന്നെ ജോൺ കെന്നി പറയുകയുണ്ടായി; മതസ്വാതന്ത്ര്യം ഈ നഗരത്തിന്റെ അടിസ്ഥാന തത്വങ്ങളിൽപ്പെട്ടതാണെന്ന് ഫിലാഡൽഫിയാ നഗരത്തിന്റെ ചരിത്രത്തിൽ നിന്നും മനസ്സിലാക്കാം. ഇതിന്റെ അടിസ്ഥാനത്തിലാണ് ഈ നഗരം നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ഞങ്ങൾ വ്യത്യസ്ത സമൂദായങ്ങളിലും വംശത്തിലും പെട്ടവരാണെങ്കിലും ഈ നഗരം എല്ലാവരേയും സ്വീകരിക്കും. നമുക്ക് പരസ്പരം ഒന്നിച്ചു നിന്നുകൊണ്ട് പ്രവർത്തിക്കാം. പരസ്പരം ആദരവോടും ബഹുമാനത്തോടും കൂടി പെരുമാറാം. എന്നിട്ട് നമുക്കൊരുമിച്ചു നിലനിൽക്കാനും നമ്മുടെ പ്രശ്നങ്ങൾ ഇല്ലാതാക്കുവാനും നമുക്ക് കഴിയുമെന്ന് ലോകത്തോടു പറയാം.

ഒരു ലോക്കൽ കൗൺസിലർ പറഞ്ഞു; താങ്കളുടെ ശാന്തി സന്ദേശം വളരെ ആവശ്യമായതായിരുന്നു. ഇപ്പോഴത്തെ അവസ്ഥകളെ വച്ചു നോക്കുമ്പോൾ അതിന്റെ പ്രാധാന്യം ഒന്നുകൂടി വർദ്ധിക്കുന്നു. അയൽവാസികളുടെ ആവശ്യങ്ങളിൽ അവരോടൊപ്പം നിലകൊള്ളുന്നതാണെന്ന് താങ്കൾ പറയുകയുണ്ടായി. എന്റെ അഭിപ്രായത്തിൽ ഇവിടെ ഫിലാഡൽഫിയായിൽ മാത്രമല്ല മുഴുവൻ അമേരിക്കയിലും ഈ സന്ദേശത്തിന്റെ ആവശ്യമുണ്ട്.

ഹുസൂർ പറഞ്ഞു; ബാൾട്ടിമൂറിലെ പള്ളിയുടെയും ഉദ്ഘാടനം നടന്നു. ബൈത്തുസ്സമദ് എന്നാണ് പേര്. ബാൾട്ടിമൂറിലെ മേയർ ഉദ്ഘാടനറിസപ്ഷനിൽ വന്നിരുന്നു. അവർ പറയുന്നു; താങ്കൾ സമാധാനവുമായി ബന്ധപ്പെട്ട് സംസാരിക്കുകയുണ്ടായി. ഇന്നത്തെ കാലത്തിന് അനിവാര്യമായിട്ടുള്ള കാര്യമാണത്. ഞങ്ങളുടെ നഗരത്തിലേക്കു മാത്രമല്ല മറിച്ച് ഞങ്ങളുടെ സ്റ്റേറ്റിനും മൂഴുവൻ യു.എസിനും എന്നല്ല മുഴുലോകത്തിനും വളരെ അത്യന്താപേക്ഷിതമായിട്ടുള്ള കാര്യമാണിത്. ഈ സന്ദേശം എല്ലാവരും കേൾക്കേണ്ട ഒരു സന്ദേശമാണെന്നാണ് ഞാൻ പറയുന്നത്. ലോകത്തിലെ പ്രശ്നങ്ങൾക്കുള്ള ഏക പരിഹാരം ശാന്തി സമാധാനം തന്നെയാണെന്ന് ഇതു കേൾക്കുമ്പോൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. നാം പരസ്പരം സ്നേഹിക്കാൻ പഠിക്കുകയും ചെയ്യുന്നതാണ്.

ഒരു യൂണിവേഴ്സിറ്റി പ്രൊഫസർ പറഞ്ഞു; ഇതൊരു അത്ഭുതകരമായ സന്ദേശമായിരുന്നു. അതിലൂടെ നമുക്ക് സമൂഹത്തിൽ സുപ്രധാന മാറ്റങ്ങൾ വരുത്തുവാൻ സാധിക്കുന്നതാണ്. യു.എസ്.എ യുടെ പരിതസ്ഥിതക്ക് ഇത് വളരെ സുപ്രധാനമായ ഒരു സന്ദേശമാണ്. അത്ഭുതകരമായ ഈ സന്ദേശം എന്നെ വളരെ സ്വാധീനിച്ചിരിക്കുന്നു.

പിന്നെ ഡിസ്ട്രിക്റ്റ് 48 ലെ സ്റ്റേറ്റ് പ്രതിനിധി ഉണ്ടായിരുന്നു.അദ്ദേഹം പറയുന്നു; ഈ സന്ദേശം എന്നിൽ വലിയ സ്വാധീനമുണ്ടാക്കി. താങ്കൾ ഞങ്ങളുടെ ഉത്തരമവാദിത്വത്തിലേക്ക് ശ്രദ്ധ തിരിച്ചിരിക്കുന്നു. എല്ലാവരെയും സ്നേഹിക്കുക ആരോടും വെറുപ്പ് അരുത് എന്ന് താങ്കൾ ഞങ്ങളോടു പറയുകയുണ്ടായി. ഈ ഒരു കാര്യംതന്നെയാണ് നമുക്കാവശ്യം. അദ്ദേഹം പറയുകയാണ് ഞങ്ങൾ സ്വയം പരിശ്രമിച്ചുകൊണ്ട് സമുഹത്തിന്റെ നന്മക്കായി എത്ര സംസാരിച്ചാലും അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ സാന്നിധ്യംകൊണ്ട് ഉണ്ടായത്ര സ്വാധീനം ഉണ്ടാകുമായിരുന്നില്ല.

ഡിസ്ട്രിക്റ്റ് 41 ലെ റപ്രസന്റേറ്റിവ് ഓഫ് സ്റ്റേറ്റ് ആയ ബിലാൽ അഹ്മദ് സാഹിബ് മുസ്ലിം ആയിരുന്നു. അദ്ദേഹം പറയുന്നു; താങ്കൾ നൽകിയ സന്ദേശത്തിന്റെ പ്രതിധ്വനികൾ ഓരോ വ്യക്തിയിൽ നിന്നും കേൾക്കാൻ സാധിക്കുന്നു. പരസ്പരമുള്ള ഐക്യത്തിന്റെയും ഒരുമയുടെയും സ്നേഹത്തിന്റെയും അന്തരീക്ഷം നിലനിർത്തുന്നതിനായി ഈ സന്ദേശം വളരെ പ്രാധാന്യമുള്ളതാണ്. താങ്കൾ കൃത്യസമയത്തു തന്നെ പ്രശ്നങ്ങൾക്കുള്ള പരിഹാരം പറഞ്ഞുതരുകയുണ്ടായി. ഇദ്ദേഹം പറയുകയാണ്, ബാൾട്ടിമൂറിലെ അവസ്ഥകളെ നേരിടാനായി അഹ്മദിയ്യാ ജമാഅത്ത് രംഗത്തു വന്നിരിക്കുന്നു കൂടതെ സമൂഹത്തിൽ ഒരു സഫലമായ പങ്കു വഹിക്കുന്നതാണെന്ന് ദൃഢനിശ്ചയം ചെയ്തിരിക്കുന്നു. ഇത് നല്ല അനുകരണയോഗ്യമായ ഒരു മാതൃകയാണ്.

ഹുസൂർ പറഞ്ഞു; പിന്നെ വിർജീനിയയിലെ പള്ളിയുടെ ഉദ്ഘാടനം നടന്നു. മസ്ജിദ് മസ്റൂർ എന്നാണ് അതിന്റെ പേര്. ഇവിടെ ഒരു സുഹൃത്ത് കോരി സ്റ്റുവർട്ട് അദ്ദേഹം യു.എസ് സെനറ്റിന്റെ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയാണ്, അദ്ദേഹം പറയുകയാണ് ഞാൻ കേട്ട ഈ പ്രഭാഷണം മനം കവരുന്നതും യുക്തിനിർഭരവുമായിരുന്നു. എല്ലാവരോടും സ്നേഹം വെറുപ്പ് ആരോടുമില്ല എന്ന സന്ദേശം അമേരിക്കയ്ക്കും മുഴുലോകത്തിനും ശ്രദ്ധിച്ചുകേൾക്കേണ്ടതായിട്ടുണ്ട്,അതനുസരിച്ചു പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. പ്രത്യകിച്ചും ലോകത്തിന്റെ അവസ്ഥ മോശമായിരിക്കുമ്പോൾ, മതസ്വാതന്ത്യത്തെ വിളംബരപ്പെടുത്തുക എന്നത് അങ്ങേയറ്റം ആവശ്യമായിട്ടുള്ള ഒരു കാര്യമാണ്. ഈ പള്ളി നമുക്ക് ഒരഭിമാനമാണ്. എന്തുകൊണ്ടെന്നാൽ നിങ്ങൾ രാജ്യത്തിനുവേണ്ടി ഒരു പാടു കാര്യങ്ങൾ ചെയ്യുന്നുണ്ട്.

ഒരു അതിഥിയായ അലക്സ് പറയുന്നു; എന്നിൽ വലിയ സ്വാധീനമുണ്ടാക്കിയിരിക്കുന്നു.വളരെ സ്വാധീനശേഷിയുള്ളതായിരുന്നു താങ്കളുടെ സന്ദേശങ്ങൾ. അതിലെ ഓരോ വാക്കും എന്റെ ഹൃദയത്തെ സ്വാധീനിക്കുകയായിരുന്നു.

ന്യൂജേഴ്സിയിലെ സർജിക്കൽ കോഓർഡിനേറ്ററായ ഷനീൻ എന്ന ഒരു വനിത പറയുകയാണ്; ഇസ്ലാമിന്റെ മനോഹരമായ അധ്യാപനങ്ങളെക്കുറിച്ചുള്ള എന്റെ കാഴ്ചപ്പാടും ഇതുതന്നെയാണ്. ചില വ്യക്തികളുടെ ദുഷ്ചെയ്തികൾ കാരണം മുഴുവൻ മതത്തെയും കുറ്റവാളിയായി കരുതുക എന്നത് അക്രമമാണ്.

ഒരു വനിത ലോറേൻ സാഹിബ തങ്ങളുടെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറയുന്നു; എന്നെയും ഇതിലേക്കു ക്ഷ

ണിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.ഇവിടെ വന്ന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെക്കുറിച്ച് നിരവധി കാര്യങ്ങൾ മനസ്സിലാക്കാൻ അവസരം ലഭിച്ചു. ഈ പള്ളി ഈ പ്രദേശത്തിന്റെ സൗന്ദര്യം വർദ്ധിപ്പിക്കുന്നതാണ്. ഇതു സംബന്ധമായി എനിക്കൊരു ആശങ്കയുമില്ല. ശാന്തി നിർഭരമായ ഒരിടമാണിത്.

ഹുസൂർ പറഞ്ഞു; ഈ പള്ളികളുടെ ഉദ്ഘാടനം കൂടാതെ അധികം പേർക്കും അറിയാവുന്നതുപോലെ ഗ്വാട്ടിമാലയിൽ ഹ്യുമാനിറ്റിഫസ്റ്റിന്റെ ആശുപത്രി ആരംഭിക്കുകയുണ്ടായി. അതിന്റെ ഉദ്ഘാടനവും നടന്നു. ഒരു മെമ്പർ ഓഫ് പാർലമെന്റ് വളരെ നല്ല അഭിപ്രായ വിചാരങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി. ജമാഅത്തിന് നന്ദി അറിയിച്ചുകൊണ്ടു പറഞ്ഞു; ജമാഅത്ത് നമ്മുടെ രാജ്യത്ത് ഒരു ആശുപത്രി തുറക്കുകയും സമുദായങ്ങൾക്കുള്ളിൽ സ്നേഹവും ഒരുമയും ഉണ്ടാക്കുന്നതിനു ശ്രമിക്കുകയും ചെയ്യുന്നു.

റോബർട്ട് കേന്നു സാഹിബ് വൈസ് മിനിസ്റ്റർ ഓഫ് എജുക്കേഷൻ പരാഗ്വേ പറഞ്ഞു; വളരെ നല്ല ഒരു ഇവന്റ് ആയിരുന്നു. ഞാൻ അതിശയപ്പെട്ടു പോകുന്നു ജമാഅത്തിലെ ആളുകൾഒന്നിച്ചു നിന്നുകൊണ്ട് ഇതു പൂർത്തിയാക്കുകയുണ്ടായി. ഇതെല്ലാം ആവശ്യക്കാരുടെ സഹായത്തിനായി മനുഷ്യരോടുള്ള സ്നേഹത്തിന്റെ കർമ്മരൂപമാണ്. പിന്നീട് പറയുന്നു, മനുഷ്യൻ സ്നേഹത്തിന്റെ ഈ മാർഗം സ്വീകരിക്കുകയാണെങ്കിൽ ലോകത്ത് സമാധാനം സ്ഥാപിതമാകും.

ഗ്വാട്ടിമാലയിലെ ഒരു എഴുത്തുകാരൻ പറഞ്ഞു: എന്നെ കൂടുതൽ സ്വാധിനിച്ച കാര്യം മതത്തിൽ യാതൊരു ബലാൽ കാരവുമില്ല,പരസ്പരം സഹായിക്കുകയും ചെയ്യണം എന്ന കാര്യമാണ്. ഈ സന്ദേശമാണ് ജമാഅത്തിന്റെ ഇമാം നമുക്കു നൽകിയത്. അതുപോലെ തന്നെ പറഞ്ഞു നാമെല്ലാം തുല്ല്യ അവകാശമുള്ളവരാണ്. ഓരോ മനുഷ്യനും ഒരു നല്ല മികച്ച ജീവിത നിലവാരം ലഭിച്ചിരിക്കേണ്ടതാണ്.

ഹുസൂർ പറഞ്ഞു; ഗ്വാട്ടിമാലയിൽ റിവ്യൂ ഓഫ് റിലീജ്യൻസിന്റെ സ്പാനിഷ് പതിപ്പും ആരംഭിച്ചിരിക്കുന്നു. നമ്മുടെ ശ്രദ്ധ സ്പെയ്നിലേക്കു തിരിഞ്ഞപ്പോൾ ഗ്വാട്ടിമാലയിലെ നമ്മുടെ വലിയ ആത്മാർത്ഥനായ ഒരു അഹ്മിയുണ്ട്, അദ്ദേഹം പറഞ്ഞു; താങ്കളുടെ ശ്രദ്ധ സ്പെയ്നിൽ ഇസ്‌ലാം പ്രചരിപ്പിക്കണം എന്ന ഭാഗത്തേക്കാണുള്ളത്. അവിടത്തെ ജനസംഖ്യ നാല്പത് മില്യൺ ആണ്. എന്നാൽ ഞങ്ങളുടെ രാജ്യത്തെ ജനസംഖ്യയാണെങ്കിൽ നാനൂറ് മില്യൺ ആണ് എന്നിട്ടും ഈ ഭാഗത്തേക്കു താങ്കളുടെ ശ്രദ്ധയില്ല. അതിനു ശേഷം അവിടെയും സ്ഥിരമായി മിഷൻ ഹൗസിലേക്ക് ശ്രദ്ധിക്കുകയും ജാമിആയിലെ വിദ്യാർത്ഥികളെ അവിടേക്ക് അയയ്ക്കുകയും ചെയ്യാൻ തുടങ്ങി. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവിടെ ജമാഅത്തുകൾ സ്ഥാപിതമായിക്കൊണ്ടിരിക്കുന്നു.

ഹുസൂർ പറഞ്ഞു; ഗ്വാട്ടിമാലയിൽ അയൽ രാജ്യങ്ങളിൽ നിന്നുള്ള അഹ്മദികളും പങ്കെടുത്തിരുന്നു. കാലത്തിന്റെ ഖലീഫയെ ആദ്യമായിട്ടു ലഭിച്ച അവരുടെയും വളരെ വികാരപരമായ അനുഭവങ്ങളുണ്ട്. ഖിലാഫത്തിനോടുള്ള അവരുടെ സ്നേഹം അവരുടെ കണ്ണുകളിൽ നിന്നും ഹൃദയങ്ങളിൽ നിന്നും നിർഗ്ഗളിക്കുന്നുണ്ടായിരുന്നു.

നവ അഹ്മദിയായ ഒരു വനിത ലാഇറ മാൽദേ സാഹിബ പറയുന്നു: ഞാൻ ആത്മീയപരമായും വൈകാരികമായും വളരെ സമാധാനവും ശാന്തിയും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. മറ്റു രാജ്യങ്ങളിലെ അഹ്മദി സഹോദരീ സഹോദരൻമാരുമായി കണ്ടുമുട്ടിയതിലൂടെ വിശ്വാസം പുതുക്കുവാൻ സാധിച്ചു. എല്ലാറ്റിലുമുപരിയായി കാലത്തിന്റെ ഖലീഫയുടെ പുറകിൽ നിന്നുകൊണ്ടു നമസ്കരിച്ചപ്പോൾ അല്ലാഹുവിലും അഹ്മദിയത്തിലുമുള്ള എന്റെ ഈമാൻ ഒന്നുകൂടി ദൃഢമായി. ആ മാർഗത്തിൽത്തന്നെ നിലനിൽക്കണമെന്നതാണ് എന്റെ ആഗ്രഹം. അല്ലാഹു അങ്ങിനെതന്നെ ആക്കുമാറാകട്ടെ.

ഒരു നവ അഹ്മദി ഏവാൻ ഫ്രാൻസിസ്കൊ സാഹിബ് പറയുന്നു; ബൈഅത്തിന്റെ പ്രോഗ്രാം നടക്കുമ്പോൾ ഉള്ള ആ നിമിഷങ്ങൾ, ആ അവസ്ഥ വാക്കുകളാൽ വിവരിക്കാൻ സാധ്യമല്ല. ആ നിമിഷങ്ങളിൽ എനിക്കനുഭവപ്പെട്ടത് എങ്ങിനെയെന്നാൽ എന്റെ ശരീരമാകെ ചൂടായി വിയർപ്പൊലിക്കാൻ തുടങ്ങി. ഒരു കറന്റ് എന്റെ ശരീരത്തിലൂടെ പ്രവഹിക്കുകയും എന്റെ എല്ലാ തെറ്റുകളും അത് കൊണ്ടുപോയതായും അനുഭവപ്പെട്ടു. അല്ലാഹുവിന് ലക്ഷോപലക്ഷം സ്തുതികൾ. അവൻ നമുക്ക് ഖിലാഫത്ത് നൽകി അനുഗ്രഹിച്ചു. നൻമയിലേക്കുള്ള എന്റെ ആദ്യ കാൽവയ്പ്പാണിതെന്ന് എനിക്കറിയാം. എന്നിൽ വലിയൊരു മാറ്റം അതുണ്ടാക്കും.

ഇക്വാഡോറിലെ നവ അഹ്മദി പറയുന്നു: കാലത്തിന്റെ ഖലീഫയുടെ സാന്നിദ്ധ്യം എനിക്ക് ഒരു അമൂല്യ നിധിയായിരുന്നു. ആത്മീയതയുടെയും ആനന്ദത്തിന്റെയും സന്തോഷത്തിന്റെയും വികാരങ്ങൾ എന്റെയുള്ളിൽ സമാഹരിക്കപ്പെട്ടു മനസ്സമാധാനം ലഭിച്ചു. ബൈഅത്തിന്റെ സമയത്ത് അങ്ങയുടെ അനുഗ്രഹീതകരങ്ങൾ എന്റെ കൈകൾക്കു മേൽ വച്ചപ്പോൾ അതെനിക്ക് മുൻപൊരിക്കലും ലഭിക്കാത്ത ഒരു സൗഭാഗ്യമായിരുന്നു.

പിന്നെ ഗ്വാട്ടിമാലയിലെ ഒരു നവ അഹ്മദി സുലൈമാൻ റോദോ സാഹിബ് പറയുന്നു; ഖലീഫത്തുൽ മസീഹിന്റെ ഗ്വാട്ടിമാലയിലേക്കുള്ള വരവ് ഞങ്ങളെ സംബന്ധിച്ച് വലിയ സൗഭാഗ്യമാണ്. അങ്ങ് ഇവിടെ വന്നു എന്നത് ഞങ്ങളുടെ ജമാഅത്തിനു മേലുള്ള അല്ലാഹുവിന്റെ അനുഗ്രഹമാണ്, അങ്ങ് ഇവിടെ വരുന്നുണ്ടെന്നറിഞ്ഞപ്പോൾ ഞങ്ങളുടെ സന്തോഷത്തിന് അതിരില്ലായിരുന്നു. എന്റെയുള്ളിൽ ഒരു ആത്മീയ ദൃഢത രുപംകൊള്ളാൻ തുടങ്ങി .ഇപ്പോൾ ഞാൻ എന്റെയുള്ളിൽ നല്ലൊരു പരിവർത്തനം ഉണ്ടായതായി അനുഭവപ്പെടുന്നു.

പിന്നെ ഗ്വാട്ടിമാലയിലെ ഒരു സാഹിബ് ഡൊമെന്റി ഓവൽ വളരെ വൈകാരികമായി എന്നോടു പറയുകയുണ്ടായി, ഞങ്ങളുടെ പ്രദേശത്ത് ദരിദ്രരായിട്ടുള്ള ആളുകളാണ്,വളരെ വിദൂരത്തുള്ള ഒരു പ്രദേശമാണ്,റോഡുകളും മറ്റും ഇല്ല, എന്റെ സമുദായത്തിലെ ആളുകളും അഹ്മദി മുസ്‌ലിം ആകാനും എനിക്ക് ലഭിച്ചിരിക്കുന്ന അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ, എന്റെ സമുദായത്തിനും എത്തുന്നതിനു വേണ്ടി അങ്ങ് ദുആ ചെയ്യണം. വളരെ വൈകാരികമായ ശൈലിയിൽ

അദ്ദേഹം അപേക്ഷിക്കുകയും അല്ലാഹു അവിടെയും ജമാഅത്ത് വ്യപിപ്പിക്കട്ടെ എന്ന് ദുആ ചെയ്യുകയും ചെയ്തു.

മെക്സിക്കോയിലെ ഒരു നവ അഹ്മദി ഫയൂസ് ഖസൂസ് സാഹിബ് പറയുന്നു; ജമാഅത്തുമായി ബന്ധമുണ്ടാക്കാൻ സാധിക്കുക എന്നത് വളരെ വലിയൊരു അനുഗ്രഹം തന്നെയാണ്. അല്ലാഹുവിന്റെ അനുഗ്രഹമാണ് അവൻ എന്റെ ദുആകൾ കേട്ടു. ഞാൻ അന്ധകാരത്തിലായിരുന്നു. അല്ലാഹു എന്നെയും എന്റെ കുടുംബത്തെയും പ്രകാശത്തിലേക്കു കൊണ്ടുവന്നു. എന്റെ ജീവതത്തിൽ ഒരു പരിവർത്തനമുണ്ടാക്കാൻ എനിക്ക് അവസരം ലഭിച്ചു.

പതിമൂന്നോ പതിനാലോ വയസ്സുള്ള ഒരു പെൺകുട്ടി പറഞ്ഞു; കാലത്തിന്റെ ഖലീഫയുടെ മുന്നിൽ ലജ്ജിക്കേണ്ടി വരുന്ന തരത്തിലുള്ള വല്ല കാര്യവും പറഞ്ഞുപോകുമോ എന്ന ഭയമായിരുന്നു എനിക്കാദ്യം. എന്നാൽ കൂടിക്കാഴ്ച വളരെ നല്ലതായിരുന്നു. ഖിലാഫത്തിനോടുള്ള ആദരവും മര്യാദയും അവരിൽ കണക്കറ്റ് ഉണ്ടായിരുന്നു.

ഹുസൂർ പറഞ്ഞു; ഇത്തരത്തിൽ വിവധ രാജ്യങ്ങളിൽ നിന്നും വന്ന അനേകം സ്ത്രീകളും പുരുഷൻമാരുമുണ്ടായിരുന്നു. അവരുടെയെല്ലാം പെരുമാറ്റം വളരെ ആത്മാർത്ഥതയോടും കൂറോടും കൂടിയായിരുന്നു. അല്ലാഹു എല്ലാവരുടെയും ആത്മാർത്ഥതയിലും കൂറിലും വർദ്ധനവ് നൽകിക്കൊണ്ടിരിക്കട്ടെ. അവരെ യഥാർത്ഥ അഹ്മദികളാക്കിത്തീർക്കട്ടെ.

ഹൂസൂർ മീഡിയ കവറേജുമായി ബന്ധപ്പെട്ടുള്ള കണക്കുവിവരങ്ങൾ വിവരിച്ച ശേഷം പറഞ്ഞു; അമേരിക്കയിൽ ടി.വി മുഖേന ഇരുപത്തിയെട്ട് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തിൽ കൂടുതൽ ആളുകളിലേക്ക് സന്ദേശമെത്തി. റേഡിയോ പ്രോഗ്രാം മുഖേന അമ്പത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തിൽ കൂടുതൽ ആളുകളിലേക്ക് സന്ദേശമെത്തി. ഡിജിറ്റൽ ഫോറം വെബ്സൈറ്റ്,സോഷ്യൽ മീഡിയ മുതലായവയിലൂടെ ഇരുപതു ലക്ഷത്തോളം ആളുകളിലേക്ക് സന്ദേശമെത്തുകയുണ്ടായി. പത്രങ്ങളിൽ 45 ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. അതിലൂടെ 10 മില്യണിൽ കൂടുതൽ ആളുകളിലേക്ക് സന്ദേശമെത്തി.

നാസിർ ഹോസ്പിറ്റലിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട്, ഒരു ഏകദേശ കണക്കുപ്രകാരം വിവിധ ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലെ പ്രിന്റ് മീഡിയ, മറ്റു വിവിധ പത്രങ്ങൾ, ടെലിവിഷൻ ചാനലുകൾ മുഖേന മുപ്പത്തിരണ്ടു മില്യൺ ജനങ്ങളിലേക്ക് സന്ദേശമെത്തുകയുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ പര്യടനം സർവ്വവിധേനയും അനുഗ്രഹീതവും വിജയപ്രദവുമായിരുന്നു. ഭാവിയിലും ഇതിന്റെ നല്ല ഫലങ്ങൾ അല്ലാഹു നൽകുമാറാകട്ടെ.

ജുമുആ ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ ബഹുമാന്യ സാവാദോഗൊ ഇസ്മാഈൽ സാഹിബിന്റെ സ്തുത്യർഹമായ ഗുണങ്ങളെക്കുറിച്ചു വിവരിക്കുകയും ജുമുആ നമസ്കാരത്തിനു ശേഷം അദ്ദേഹത്തിന്റെ ജനാസാ ഗാഇബ് നമസ്കരിപ്പിക്കുകയും ചെയ്തു.

اَلْحَمْدُ لِلّٰهِ نَحمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُوْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَاللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوْا اللّٰهَ يَذْ كُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِ كْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 16.11.18
Malayalam Translation : **Moulvi Najmuddin,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516